പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1774 | 05.02.2019 ൽമറുപടിയ്ക്ക്

## വയനാട്ടിലെ രാത്രിയാത്രാ നിരോധനം

| ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ തുടരുന്ന രാത്രിയാത്രാ നിരോധനം നീക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എലവേറ്റഡ് റോഡ് നിർമ്മിക്കുന്നതിനുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 50% ചെലവ് സംസ്ഥാനം വഹിക്കാൻ തയ്യാറാണെന്ന് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | ഈ വിഷയം പരിഹരിക്കുന്നതിന് കർണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | ഈ വിഷയം നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ വിധി വന്നതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | മേൽപ്പാല നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിച്ച സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ